# പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
## 24.5.2017-ാം തീയതി കൂടിയ സാധാരണ യോഗത്തിലെ
## VII (6)-ാം നമ്പർ തീരുമാനം

എലിമുള്ളും പ്ലാക്കൽ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി കല്ലാറിൽ ഒരു ചെക്ക്ഡാം നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കണമെന്നും, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസും ജില്ലാ പഞ്ചായത്തും ചേർന്ന് ഈ പദ്ധതി നടപ്പിലാക്കണമെന്നും ഉള്ള, ശ്രീ.അടൂർ പ്രകാശ് എം.എൽ.എ-യുടെ നിർദ്ദേശമടങ്ങിയ, 29.04.17 ലെ ഡി.ഡി.സി യോഗത്തിന്റെ തീരുമാനം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി ചർച്ചചെയ്ത്, സ്കൂളിന് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ജനറൽ കമ്മറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.

ടി വിഷയം സംബന്ധിച്ച, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 15.05.17 തീയതിയിലെ കെ.എൻ.എസ്- 3049/17 നമ്പർ കത്ത് കമ്മറ്റി ചർച്ചചെയ്തു. കല്ലാറും പരിസരവും പരിശോധിച്ചതിൽ, കല്ലാറിനു കുറുകെ ചെക്ക്ഡാം നിർമ്മിക്കുന്നതിന്റെ പ്രായോഗികത വിദഗ്ദ്ധ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണെന്നും, അതേ സമയം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കല്ലാറിനോടു ചേർന്ന് ജലലഭ്യത ഉറപ്പുവരുത്തക്കവണ്ണം സർവ്വേ നടത്തി കിണർ കുഴിച്ച് ഈ കിണറ്റിലെ ജലം പമ്പുചെയ്ത് എലിമുള്ളുംപ്ലാക്കൽ സ്കൂളിലേയ്ക്ക് എത്തിക്കുന്ന പദ്ധതിയാകും കൂടുതൽ പ്രവർത്തന ക്ഷമമാകുകയെന്നും, ആയതിനാൽ യൂസർ ഏജൻസിയായ ജില്ലാ പഞ്ചായത്ത്, ടി പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി ആയത് നടപ്പാക്കുന്നതിനു വേണ്ടി വരുന്ന വനഭൂമിയുടെ വിസ്തൃതി കണക്കാക്കി, ടി വനഭൂമി 1980-ലെ വന സംരക്ഷണ നിയമപ്രകാരം ഡൈവേർട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണെന്നും ഡി.എഫ്.ഒ അറിയിച്ചിരിക്കുന്നു. ആയതിൻ പ്രകാരം, ടി പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി വരുന്ന വനഭൂമിയുടെ വിസ്തൃതി കണക്കാക്കുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനും എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും, ടി സ്ഥലത്ത് ജലലഭ്യതയുള്ള കിണർ കുഴിക്കുന്നതിന് അനുയോജ്യമായ സ്ഥലം നിശ്ചയിച്ചു തരുന്നതിന് ഭൂജലവകുപ്പ് ജില്ലാ ഓഫീസറോട് ആവശ്യപ്പെടുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ വനഭൂമി ഡൈവേർട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

(ഒപ്പ്)
പ്രസിഡന്റ്

//ശരിപ്പകർപ്പ്//

സെക്രട്ടറി
ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട